# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1148 29/9/2011 ൽ മറുപടിക്ക്

**<u>ടോൾ പിരിക്കുന്നതിൻെറ മാനദണ്ഡം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. സി. പി. മുഹമ്മദ്** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി)** |
| (എ) | സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങൾക്കും, റോഡുകൾക്കും ടോൾ പിരിക്കുന്നതിൻെറ മാനദണ്ഡം എന്താണ് ; | (എ) | പാലത്തിൻേറയും അപ്രോച്ച് റോഡിൻേറയും നിർമ്മാണചെലവ് 300 ലക്ഷത്തിൽ കൂടുതലായി വരുന്ന പാലങ്ങൾക്കാണ് 15 വർഷത്തേയ്ക്ക് ടോൾ പിരിക്കുന്നത്. നിലവിൽ റോഡുകൾക്ക് ടോൾ പിരിക്കുന്നില്ല. |
| (ബി) | മുടക്കുമുതൽ മുഴുവൻ പിരിഞ്ഞുകിട്ടിയിട്ടും വീണ്ടും ടോൾ പിരിക്കുന്ന പാലങ്ങൾ സംസ്ഥാനത്ത് ഉണ്ടോ ; | (ബി) | ഇല്ല. |
| (സി) | പട്ടാമ്പി, പെരിന്തൽമണ്ണ സംസ്ഥാന പാതയിലെ തകർന്നുവീണ പുലാമന്തോൾ പാലം കേരള റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ പുന:നിർമ്മാണം നടത്തിയതിന് ചെലവായ തുക എത്രയാണ് ; | (സി) | 2,95,84,096/- രൂപ (രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എൺപ്പത്തിനാലായിരത്തി തൊണ്ണൂറ്റിയാറ് രൂപ). |

| | | | |
|---|---|---|---|
| (ഡി) | ഇതുവരെ ടോൾ വകയിൽ എത്ര രൂപ പിരിഞ്ഞുകിട്ടി എന്ന് വ്യക്തമാക്കുമോ ; | (ഡി) | 1,15,08,321/-രൂപ (ഒരു കോടി പതിനഞ്ച് ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ) |
| (ഇ) | മുടക്കുമുതൽ ലഭിച്ചു കഴിഞ്ഞുവെങ്കിൽ ടോൾ പിരിവ് അവസാനിപ്പിക്കുമോ ? | (ഇ) | 15 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ടോൾ പിരിവ് അവസാനിപ്പിക്കും. |

സെക്ഷൻ ഓഫീസർ